(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ടും ഫ്ളഡ് റിലീഫ് ഫണ്ടും ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ

1(1311) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ടും ഫ്ളഡ് റിലീഫ് ഫണ്ടും ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ബി.ഡി.ഒ.മാർ ഇംപ്ലിമെന്റ് ചെയ്യുമ്പോൾ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതികൾക്ക് ഇടപെടൽ അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ബി.ഡി.ഒ.മാർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ കൂടിയായതു കൊണ്ട് ഇത്തരം പ്രവർത്തികളിൽ ബ്ലോക്ക് പഞ്ചായത്തുകൾ ബി.ഡി.ഒ. മാരെ നിയന്ത്രിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളിലും വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയനുസരിച്ചുള്ള പ്രവർത്തനങ്ങളിലും ഇവയുടെ മാർഗ്ഗനിർദ്ദേശങ്ങളും ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രത്യേകിച്ച് അധികാരങ്ങളൊന്നും നൽകിയിട്ടില്ല. എന്നാൽ ഇത്തരം പ്രവർത്തികളിൽ ഗുണഭോക്തൃ സമിതികൾ രൂപീകരിക്കുന്ന വേളകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെക്കൂടി അറിയിച്ചു നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കടുത്ത വരൾച്ച നേരിടുന്നതിന് സ്വീകരിച്ച പദ്ധതികൾ

2 (1312) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കടുത്ത വരൾച്ച നേരിടാൻ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ;

(ബി) ഇപ്പോൾ കേന്ദ്രത്തിൽ നിന്നും ലഭിച്ച സഹായം അപര്യാപ്തമാണെന്ന് കേരള ഗവൺമെന്റ് കേന്ദ്രത്തെ ധരിപ്പിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വരൾച്ച നേരിടുന്നതിന് മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും 15-2-2003-ലെ 11704/കെ3/2003/റവന്യൂ. സർക്കുലർ പ്രകാരം നിർദ്ദേശം കൊടുത്തിട്ടുണ്ട്. വരൾച്ചയുടെ രൂക്ഷം കുറയ്ക്കുന്നതിന് വേണ്ട പദ്ധതികൾ ആലോചിച്ച് തീരുമാനിക്കാനും, ബഡ്ജറ്റിൽ ലഭ്യമായിട്ടുള്ള ഫണ്ട് ഉപയോഗിച്ച് ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനും, രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന ജില്ലകളെ 'കേരള ഫാമിൻ റിലീഫ് ഫണ്ട് റൂൾസ്' അനുസരിച്ച് വരൾച്ച ബാധിത പ്രദേശങ്ങളായി പ്രഖ്യാപിക്കാൻ വേണ്ട നടപടികൾ എടുക്കുന്നതിനും, 'ജോലിക്കു പകരം ഭക്ഷണം' പദ്ധതിപ്രകാരം പുതിയ തൊഴിൽ സാദ്ധ്യതകളുള്ള മേഖലകൾ കണ്ടെത്തി വരൾച്ചക്കെടുതികളെ നേരിടുന്നതിനും, തുടർന്ന് സ്വീകരിച്ച നടപടികൾ സർക്കാരിനെ അറിയിക്കാനും നിർദ്ദേശവും നൽകിയിട്ടുണ്ട്.

11-ാം ധനകാര്യ കമ്മീഷന്റെ നിബന്ധനകൾക്ക് വിധേയമായി കിണറുകളും, കുളങ്ങളും ചേറെടുത്ത് വൃത്തിയാക്കൽ, അറ്റകുറ്റപ്പണികൾ, കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് കുഴൽകിണർ നിർമ്മാണം, പൈപ്പ്ലൈൻ നീക്കൽ തുടങ്ങിയ പ്രവൃത്തികൾ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വരൾച്ചമൂലം കൃഷിനാശം സംഭവിച്ച പ്രദേശങ്ങളിലെ അർഹരായ കർഷകർക്ക് കൃഷിവകുപ്പ് മുഖേന ധനസഹായം നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വരൾച്ച മൂലമുണ്ടായ കെടുതികൾക്കും നാശനഷ്ടങ്ങൾക്കും പ്രത്യേക ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള വിശദമായ മെമ്മോറാണ്ടം കേന്ദ്രത്തിന് ലഭിച്ചതിനെ തുടർന്ന് ഒരു കേന്ദ്രസംഘം കേരളം സന്ദർശിച്ച് കെടുതികൾ വിലയിരുത്തി കേന്ദ്രത്തിന് റിപ്പോർട്ട് സമർപ്പിച്ചു. ഇതിൻപ്രകാരം പ്രത്യേക ധനസഹായമൊന്നും ലഭിച്ചില്ല എങ്കിലും 'സമ്പൂർണ്ണ റോസ്ഗാർ യോജന (സ്പെഷ്യൽ കമ്പോസ്റ്റ്) പദ്ധതി' പ്രകാരം 2003 ജൂൺ മാസം വരെ വിതരണം ചെയ്യാനായി ആകെ 77,000 മെട്രിക് ടൺ അരി അനുവദിച്ചു നൽകുകയും ചെയ്തു. ദുരിതാശ്വാസ ഫണ്ടിൽ നിന്നും, വരൾച്ചാക്കെടുതികളെ നേരിടുന്നതിന് വേണ്ട പണം യഥാസമയം ആവശ്യാനുസരണം ഉപയോഗിക്കുവാൻ ജില്ലാകളക്ടർമാർക്ക് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രസഹായം

3 (1313) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച കേന്ദ്രസഹായം എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly